**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2302** **30-09-2025 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ്, വയനാട് സർക്കാർ മെഡിക്കൽ കോളേജുകളിൽ പുതിയ എം. ബി. ബി. എസ്. സീറ്റുകൾ ലഭ്യമായതിനെത്തുടർന്ന് ഇവിടെ പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എത്ര അദ്ധ്യാപക തസ്തികകൾ ഇപ്രകാരം പുതുതായി ആവശ്യമുണ്ടെന്ന് വിശദമാക്കുമോ; | (എ) | കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് സ്ഥാപിതമായ സമയത്ത് 273 തസ്തികകൾ സർക്കാർ ഉത്തരവ് G.O(Ms)No.62/2020/H&FWD dated 09/04/2020 പ്രകാരം സൃഷ്ടിക്കുകയും ആയതിൽ 50% തസ്തികകളിൽ നിയമനം നടത്താൻ അനുമതി നൽകുകയും ചെയ്തിരുന്നു. ബാക്കി തസ്തികകൾ റിവൈവ് ചെയ്ത് അതിൽ നിയമനം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ ഇനി സൃഷ്ടിക്കേണ്ടതായ തസ്തികകളിൽ ടീച്ചിംഗ് വിഭാഗത്തിൽ 14 പ്രൊഫസർ, 17 അസോസിയേറ്റ് പ്രൊഫസർ, 8 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളും, 28 അനധ്യാപക തസ്തികകളും, വയനാട് മെഡിക്കൽ കോളേജിൽ ടീച്ചിംഗ് വിഭാഗത്തിൽ 8 പ്രൊഫസർ, 8 അസോസിയേറ്റ് പ്രൊഫസർ, 11 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളും, 32 അനധ്യാപക തസ്തികകളും ഉൾപ്പെടുന്നു. |
| (ബി) | നിലവിൽ മറ്റു മെഡിക്കൽ കോളേജുകളിൽ നിന്ന് ഇവിടേക്ക് അദ്ധ്യാപകരെ താത്കാലികമായി സ്ഥലംമാറ്റി കൊണ്ടുവന്നിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; | (ബി) | ഉണ്ട്. നോൺ ക്ലിനിക്കൽ വിഭാഗങ്ങളിലെ 19 അധ്യാപകരെ താൽക്കാലിക ജോലിക്രമീകരണ വ്യവസ്ഥയിൽ കാസർഗോഡ്, വയനാട് മെഡിക്കൽ കോളേജുകളിൽ നിയമിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ എത്ര കാലത്തേക്കാണ് താത്കാലിക സംവിധാനം ഏർപ്പെടുത്തുന്നതെന്നും സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ ജോലി ചെയ്തിരുന്ന മെഡിക്കൽ കോളേജുകളിൽ അവർ നിർവഹിച്ചിരുന്ന അക്കാദമികവും ക്ലിനിക്കലുമായ ജോലികൾ പ്രസ്തുത ട്രാൻസ്ഫർ വഴി തടസ്സപ്പെടാതിരിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | (സി) | 3 മാസക്കാലയളവിൽ അല്ലെങ്കിൽ പുതിയ തസ്തികയിൽ സ്ഥിരനിയമനം നടത്തുന്നത് ഏതാണോ ആദ്യം വരുന്നത് എന്ന നിലയ്ക്കാണ് ജോലിക്രമീകരണം അനുവദിച്ചിരിക്കുന്നത്. നോൺ-ക്ലിനിക്കൽ വിഭാഗങ്ങളിലെ ഡോക്ടർമാർക്ക് മാത്രമാണ് ജോലിക്രമീകരണം നൽകിയിട്ടുള്ളത്. സ്ഥലംമാറ്റം ലഭിച്ച അധ്യാപകർ ജോലി ചെയ്തിരുന്ന മെഡിക്കൽ കോളേജുകളിൽ എൻ.എം.സി മാനദണ്ഡം പാലിച്ചുകൊണ്ടും അക്കാദമിക്, ക്ലിനിക്കൽ |

| | | | |
|---|---|---|---|
| | | | ജോലികളിൽ തടസ്സം വരാത്ത രീതിയിലുമാണ് പ്രസ്തുത ജോലിക്രമീകരണം നൽകിയിട്ടുള്ളത്. |
| (ഡി) | ഇപ്രകാരമുള്ള താത്കാലിക സ്ഥലംമാറ്റങ്ങൾ വിദ്യാർത്ഥികളുടെ പഠനം തടസ്സപ്പെടാനും രോഗികളുടെ ചികിത്സ മുടങ്ങാനും കാരണമാകുമെന്ന് കണ്ട് ആവശ്യമായ തസ്തികകൾ എത്രയും വേഗം സൃഷ്ടിച്ച് നിയമനങ്ങൾ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ? | (ഡി) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ